കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് കൃഷി ആവശ്യത്തിന് വാങ്ങിയ 1.58 ഏക്കർ സ്ഥലം ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് അനുമതി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3927/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 06/12/2017.

---

വായന:-
1. 09/06/2017 ലെ സ.ഉ (സാധാ) നം. 1911/2017/തസ്വഭവ നമ്പർ ഉത്തരവ്
2. അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 07/11/2017 ലെ A4-3904/17 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ 4.40 നമ്പർ തീരുമാനം.

**ഉത്തരവ്**

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് കൃഷി ആവശ്യത്തിനായി മുമ്പ് വാങ്ങിയിട്ടുള്ളതും വായന (1) ഉത്തരവു പ്രകാരം ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമായ 1.58 ഏക്കർ സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി വിഭാഗത്തിനും പൊതുവിഭാഗത്തിനും ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വായന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും അപ്പാർട്ട്മെന്റ് സമുച്ചയം നിർമ്മിക്കണമെന്ന നിബന്ധനയോടെ വായന (3) പ്രകാരം അനുമതി നൽകുകയും ചെയ്ത സാഹചര്യത്തിൽ അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് കൃഷി ആവശ്യത്തിനായി മുമ്പ് വാങ്ങിയിട്ടുള്ളതും ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിന് വായന (1) പ്രകാരം അനുമതി നൽകിയിട്ടുള്ളതുമായ 1.58 ഏക്കർ സ്ഥലം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അപ്പാർട്ട്മെന്റ് സമുച്ചയം നിർമ്മിക്കണമെന്ന നിബന്ധനയോടെ എസ്.സി വിഭാഗത്തിനും പൊതുവിഭാഗത്തിനും ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ